പരപ്പനങ്ങാടിക്ക് നഷ്ടമായത് 16 ജീവൻ

തോരാക്കണ്ണീരായി...

ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുന്ന മന്ത്രി ആർ ബിന്ദു

പരപ്പനങ്ങാടി

പൂരപ്പുഴയുടെ ആഴങ്ങൾ ജീവനുകൾ കവർന്നപ്പോൾ കൂടുതൽ കണ്ണീർ വാർത്തത് പരപ്പനങ്ങാടി. ബോട്ട് അപകടത്തിൽ മരിച്ച 22 പേരിൽ പതിനാറും പരപ്പനങ്ങാടി സ്വദേശികളാണ്. ഒരുകുടുംബത്തിൽത്തന്നെ 11 പേരെ മരണം തട്ടിയെടുത്തപ്പോൾ വിറങ്ങലിച്ചുനിൽക്കുകയാണ് നാട്.

പുത്തൻകടപ്പുറത്ത് കുന്നുമ്മൽ വീട്ടിലാണ് മരണം ദുരന്തമായി പെയ്തിറങ്ങിയത്. സഹോദരങ്ങളായ സെയ്തലവിക്കും അനുജൻ സിറാജിനും ബന്ധു ജാബിറിനും ഭാര്യയെയും മക്കളെയും നഷ്ടമായി. കുന്നുമ്മൽ വീട്ടിൽ ഇനി സെയ്തലവിയും സിറാജും ഉമ്മ റുഖിയാബിയും മാത്രം. ചെട്ടിപ്പടി കോയംകുളം സൈനുൽ ആബിദിനും ദുരന്തം ഏൽപ്പിച്ച ആഘാതം വലുതാണ്.

ഭാര്യ ആയിഷാബീവി (35)യെയും മക്കളായ അദിനാൻ (10), ആദിൽ ഷെറിൻ (15), അഫ്ലാൻ (മൂന്നര) എന്നിവരാണ് പൂരപ്പുഴയിൽ പൊലിഞ്ഞത്. താനൂർ പൊലീസ് സ്റ്റേഷനിലെ സിപിഒ മടയംപുലാക്കൽ സഫറുദ്ദീ (38)ന്റെ മരണവും താങ്ങാവുന്നതിലേറെ.

പാലത്തിങ്ങൽ ജുമാ മസ്ജിദ് ഖബർസ്ഥാനിലാണ് ഖബറടക്കം നടന്നത്. ഉറ്റവരെ നഷ്ടപ്പെട്ടവരെ ആശ്വസിപ്പിക്കാൻ പരപ്പനങ്ങാടി ഒന്നാകെ ഒഴുകിയെത്തി. പകരമാകില്ലെങ്കിലും ആ വേദനയിൽ പങ്കുകൊള്ളുകയായിരുന്നു അവർ.

മരണകാരണം ശ്വാസകോശത്തിൽ വെള്ളം ഇരച്ചുകയറിയത്

മഞ്ചേരി

ശ്വാസകോശത്തിൽ വെള്ളം ഇരച്ചുകയറിയതാണ് ബോട്ടപകടത്തിൽപ്പെട്ടവരുടെ മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. വെള്ളത്തിൽ വീണ് നിമിഷങ്ങൾക്കകം മിക്കവരുടെയും മരണം സംഭവിച്ചു. കൂടുതൽ പേരിലും അഗോണൽ ആസ്പിരേഷൻ (മരിക്കുന്നതിന് തൊട്ടുമുമ്പ് വെള്ളം തരിപ്പിൽപോവുക) സംഭവിച്ചു. ഓടിക്കൊണ്ടിരിക്കെ വളരെവേഗം ബോട്ട് മറിഞ്ഞിട്ടുണ്ടാകുമെന്നും മഞ്ചേരി മെഡിക്കൽ കോളേജിലെ ഫോറൻസിക് വിഭാഗം ഡോക്ടർമാർ പറഞ്ഞു. ആരുടേയും ശരീരത്തിൽ മറ്റ് മുറിവുകളില്ല.

ലൈഫ് ജാക്കറ്റ് കിട്ടിയില്ലെങ്കിൽ ചോദിച്ചുവാങ്ങണം

തിരുവനന്തപുരം

ജലാശയങ്ങളിൽ സർവീസ് നടത്തുന്ന ബോട്ടുകളിലെല്ലാം യാത്രക്കാർക്ക് ലൈഫ് ജാക്കറ്റ് നിർബന്ധമാണെന്ന് നിയമം വ്യക്തമാക്കുന്നുണ്ട്.

കിട്ടിയില്ലെങ്കിൽ യാത്രക്കാർക്ക് ചോദിച്ചുവാങ്ങാവുന്നതാണ്. ഉൾക്കൊള്ളുന്ന യാത്രക്കാരുടെ അത്രയും എണ്ണം ലൈഫ് ജാക്കറ്റ് ബോട്ടിലുണ്ടാകണം. ലൈഫ് ബോയ് റിങ്ങുകളും ആവശ്യത്തിനുണ്ടാകണം. 1000 രൂപ മുതൽ ലൈഫ് ജാക്കറ്റ് ലഭ്യമാണ്. കുട്ടികൾക്കും കുഞ്ഞുങ്ങൾക്കുംവരെയുള്ള ലൈഫ് ജാക്കറ്റ് വിപണിയിലുണ്ട്. ചൈൽഡ് ലൈഫ് ജാക്കറ്റ്, ഇൻഫന്റ് ജാക്കറ്റ് എന്നിങ്ങനെയാണ് ഇവ അറിയപ്പെടുന്നത്. പോളിസ്റ്റർ കൊണ്ടാണ് ലൈഫ് ജാക്കറ്റ് നിർമിക്കുക. ഫോം ക്യൂബുകളാൽ ഇവ നിറയ്ക്കും.

വെളിച്ചം കുറവുള്ള സാഹചര്യത്തിൽ ദൂരെനിന്ന് എളുപ്പത്തിൽ കാണാൻ കഴിയുന്ന തിളക്കമുള്ളതും ഓറഞ്ച്, മഞ്ഞ നിറത്തിലാണ് നിർമാണം.

ശിശുക്ഷേമ സമിതി അവധിക്കാല ക്യാമ്പ് കിളിക്കൂട്ടത്തിലെ കൂട്ടുകാർ താനൂരിൽ ബോട്ട് അപകടത്തിൽ മരിച്ചവർക്ക് ശ്രദ്ധാഞ്ജലിയായി മെഴുകുതിരി തെളിച്ചപ്പോൾ

ശ്രദ്ധാഞ്ജലിയുമായി കിളിക്കൂട്ടം

തിരുവനന്തപുരം

താനൂരിൽ ബോട്ട് അപകടത്തിൽ മരിച്ചവർക്ക് ശിശുക്ഷേമ സമിതിയും കിളിക്കൂട്ടം വേനലവധി ക്യാമ്പിലെ കുട്ടികളും ശ്രദ്ധാഞ്ജലിയർപ്പിച്ചു.

ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺഗോപി, കെ ജയപാൽ, എൻ എസ് വിനോദ്, ആർ എസ് കിരൺദേവ്, എൽ സുദർശൻ എന്നിവർ നേതൃത്വം നൽകി.

പേടി വേണ്ട, സുരക്ഷിതമാണ് വാട്ടർ മെട്രോ

സ്വന്തം ലേഖകൻ

കൊച്ചി

എല്ലാവിധ സുരക്ഷാ മാനദണ്ഡവും പാലിച്ചാണ് വാട്ടർ മെട്രോ സർവീസ് നടത്തുന്നതെന്ന് കെഎംആർഎൽ എംഡി ലോക്നാഥ് ബെഹ്റ. താനൂർ അപകടത്തിന്റെ പശ്ചാത്തലത്തിൽ യാത്രികർ ആശങ്കപ്പെടേണ്ടതില്ലെന്നും ബെഹ്റ പറഞ്ഞു.

ലോകോത്തര നിലവാരത്തിൽ രൂപകൽപ്പന ചെയ്ത് നിർമിച്ച ഹൈബ്രിഡ് ബോട്ടുകളാണ് വാട്ടർ മെട്രോയിൽ. 100 പേരിൽ കൂടുതൽ യാത്രക്കാരെ അനുവദിക്കില്ല. ഓട്ടോമാറ്റിക് ടിക്കറ്റിങ് സംവിധാനം ആയതിനാൽ യാത്രികരുടെ എണ്ണം രേഖപ്പെടുത്തും. ബോട്ടിനുള്ളിലേക്ക് പ്രവേശിക്കുമ്പോൾത്തന്നെ നിർമിതബുദ്ധി കാമറകൾ യാത്രികരുടെ എണ്ണം തിട്ടപ്പെടുത്തും. കൂടുതൽ യാത്രികർ കയറാനെത്തിയാൽ വാതിൽ തുറക്കാനാകില്ല.

എല്ലാ യാത്രികർക്കും ലൈഫ് ജാക്കറ്റ് നിർബന്ധമാണ്. ഓരോ ബോട്ടിലും 100 യാത്രികർക്കായി 120 ലൈഫ് ജാക്കറ്റുണ്ട്. കുട്ടികൾക്ക് പ്രത്യേക ജാക്കറ്റുമുണ്ട്. രക്ഷാപ്രവർത്തനത്തിന് ഗരുഡ എന്ന ബോട്ട് ഏതുസമയവും സജ്ജമാണ്. മണിക്കൂറിൽ 20 നോട്ടിക്കൽ മൈൽ വേഗത്തിൽ സഞ്ചരിക്കാവുന്നതാണ് അഞ്ചുകോടി രൂപ ചെലവിൽ സജ്ജമാക്കിയ ഗരുഡ.

തീപിടിത്തം ഉൾപ്പെടെ അടിയന്തരസാഹചര്യം നേരിടാനും സംവിധാനമുണ്ട്. വൈദ്യുതി, ഡീസൽ എൻജിനുകളിൽ ബോട്ട് പ്രവർത്തിപ്പിക്കാം. ജീവൻരക്ഷാപ്രവർത്തനത്തിൽ പരിശീലനം നേടിയ ജീവനക്കാരുമുണ്ട്. യാത്രകളിൽ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബോട്ടിൽ അനൗൺസ്മെന്റുമുണ്ട്.

കേന്ദ്രീകൃത നിയന്ത്രണ സംവിധാനം ആയതിനാൽ സാങ്കേതികത്തകരാറുകളും മറ്റ് അടിയന്തരാവശ്യങ്ങളും അതിവേഗം ശ്രദ്ധയിൽപ്പെടും. ഇവ പരിഹരിക്കുന്നത് ബോട്ട് നിർമിച്ച കൊച്ചി കപ്പൽശാലയിലെ എൻജിനിയർമാരാണ്. യാത്രികരുടെ സുരക്ഷയിൽ ഒരുവിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നും ബെഹ്റ പറഞ്ഞു.

ശ്രമകരമായ ദൗത്യം: ബി സന്ധ്യ

താനൂർ

താനൂർ ബോട്ടപകടത്തിന്റെ രക്ഷാപ്രവർത്തനം ഏറെ ശ്രമകരമായ ദൗത്യമായിരുന്നെന്ന് അഗ്നിരക്ഷാസേന മേധാവി ബി സന്ധ്യ. പുഴയിൽ ചെളിയുള്ളതിനാൽ തൊട്ടറിഞ്ഞല്ലാതെ ആളുകളെ കണ്ടുപിടിക്കാൻ കഴിയില്ല. ഫോർട്ടുകൊച്ചി അക്കാദമിയിലെ പരിശീലനം ലഭിച്ച 22 വിദഗ്ധരെത്തന്നെ ലഭിച്ചത് ആശ്വാസമായി. ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുമെന്നും സന്ധ്യ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

താനൂർ ബോട്ട് അപകടത്തിൽ 11 പേർ മരിച്ച പരപ്പനങ്ങാടി പുത്തൻകടപ്പുറത്തെ വീട്ടിൽ ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ സന്ദർശിക്കുന്നു

ബോട്ടപകടത്തിൽ പരിക്കേറ്റ ഫസ്നയെ മന്ത്രി വീണാ ജോർജ് ആശുപത്രിയിൽ സന്ദർശിക്കുന്നു

മാനസിക പിന്തുണയും ഉറപ്പാക്കും: മന്ത്രി

കോട്ടക്കൽ

ബോട്ട് അപകടത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ ബന്ധുക്കൾക്കും മാനസിക പിന്തുണയും ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

അപകടത്തിൽ ചികിത്സയിൽ കഴിയുന്നവരെ സന്ദർശിക്കുകയായിരുന്നു മന്ത്രി. ആരോഗ്യകേന്ദ്രങ്ങൾ വഴി വീടുകളിലെത്തി മാനസിക പിന്തുണ ഉറപ്പാക്കാനുള്ള പ്രവർത്തനം നടത്തും.

കുട്ടികൾക്ക് ചൈൽഡ് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കും. ഇതിന് ജില്ലാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ നേതൃത്വത്തിൽ താനൂരിൽ ആരോഗ്യവകുപ്പിന്റെ പ്രത്യേക യോഗവും ചേർന്നു.

താനൂർ ബോട്ടപകടത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലി അർപ്പിച്ച് കേരള സർവകലാശാല യുവജനോത്സവ നഗരിയിൽ വിദ്യാർഥികൾ ദീപം തെളിച്ചപ്പോൾ

കാനം അനുശോചിച്ചു

തിരുവനന്തപുരം

ബോട്ടപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. നാടിനെയാകെ ദുഃഖത്തിലാഴ്ത്തിയ ദുരന്തമാണിത്. ബോട്ട് യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ദുരന്തം ഓർമപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു.

കാന്തപുരം

കോഴിക്കോട്

താനൂർ അപകടത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അഖിലേന്ത്യാ ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്ല്യാർ അനുശോചിച്ചു. ദുരന്തം ഏറെ വേദനിപ്പിക്കുന്നതാണ്. കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും കാന്തപുരം പറഞ്ഞു

ക്യൂബൻ അംബാസഡർ

തിരുവനന്തപുരം

താനൂർ ബോട്ട് ദുരന്തത്തിൽ ഇന്ത്യയിലെ ക്യൂബൻ അംബാസഡർ അലെസാൻഡ്രോ സിമാൻകാസ് മാരിൻ മുഖ്യമന്ത്രി പിണറായി വിജയനെ അനുശോചനമറിയിച്ചു.

മരിച്ചവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും അറിയിച്ചു.

സ്പീക്കർ

താനൂർ

അപകടം ഏറെ ദുഃഖകരമെന്ന് സ്പീക്കർ എ എൻ ഷംസീർ. മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കാനും അനുശോചനമറിയിക്കാനും സ്പീക്കർ എത്തി. അപകടസ്ഥലവും സന്ദർശിച്ചു.

ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കണം

തിരുവനന്തപുരം

വനംവകുപ്പിനു കീഴിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ മന്ത്രി എ കെ ശശീന്ദ്രൻ നിർദേശം നൽകി.

ബോട്ടുകളുടെ ഫിറ്റ്നസ്, കാലാവധി, ജീവൻരക്ഷാ ഉപകരണങ്ങളുടെ ലഭ്യത, അറ്റകുറ്റപ്പണി നടത്തിയ വിശദാംശങ്ങൾ, ഇൻഷുറൻസ് എന്നിവ സംബന്ധിച്ച് ഒരിക്കൽക്കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ വനംവകുപ്പ് മേധാവിയോടാണ് നിർദേശിച്ചത്. വനംവകുപ്പിനു കീഴിൽ 17 ബോട്ടാണ് ഇക്കോ ടൂറിസത്തിനു മാത്രമായി സർവീസ് നടത്തുന്നത്.

ദുഃഖത്തിൽ പങ്കുചേർന്ന് കലോത്സവ നഗരി

അമ്പലപ്പുഴ

താനൂർ ബോട്ടപകടത്തിൽ മരിച്ചവർക്ക് കേരള സർവകലാശാല കലോത്സവ നഗരിൽ വിദ്യാർഥികളുടെ അന്ത്യാഞ്ജലി. തിങ്കൾ ഉച്ചവരെ മത്സരങ്ങൾ നിർത്തി വച്ചാണ് ദുരന്തത്തിൽ വിദ്യാർഥികൾ അനുശോചനം രേഖപ്പെടുത്തിയത്. കലോത്സവ നഗരിൽ ആദരസൂചകമായി ദീപം തെളിച്ചു.

ചികിത്സചെലവ് ഏറ്റെടുത്ത് ആസ്റ്റർ

കൊച്ചി

ബോട്ടപകടത്തിൽപ്പെട്ട് ആസ്റ്റർ മിംസ് കോട്ടക്കലിൽ ചികിത്സയിൽ കഴിയുന്നവരുടെ ചെലവുക ൾ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഏറ്റെടുക്കുമെന്ന് സിഎംഡി ഡോ. ആസാദ് മൂപ്പൻ അറിയിച്ചു. കുട്ടികളടക്കം എട്ടുപേരാണ് ചികിത്സയിലുള്ളത്.

സോണിയക്കെതിരെ തെരഞ്ഞെടുപ്പ് കമീഷനെ സമീപിച്ച് ബിജെപി

ബംഗളൂരു

കോൺഗ്രസ് മുൻ അധ്യക്ഷ സോണിയ ഗാന്ധിക്കെതിരെ നടപടി ആവശ്യപ്പെട്ട് ബിജെപി തെരഞ്ഞെടുപ്പുകമീഷന് കത്തയച്ചു. 'കർണാടകത്തിന്റെ സൽപ്പേരിനോ പരമാധികാരത്തിനോ അഖണ്ഡതയ്ക്കോ കളങ്ക മേൽപ്പിക്കാൻ കോൺഗ്രസ് ആരെയും അനുവദിക്കില്ല' എന്ന സോണിയയുടെ ട്വീറ്റിന് എതിരെയാണ് ബിജെപിയുടെ പരാതി.

പരാമർശത്തിൽ വ്യക്തത വരുത്താൻ ദേശീയാധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയോട് തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു.

സോണിയ ഗാന്ധിയുടെ ട്വീറ്റ് കർണാടകത്തിലെ സമാധാനപ്രേമികളായ ജനങ്ങളെ പ്രകോപിപ്പിക്കുന്നതാണെന്നും വോട്ട് നേടാനായി സംസ്ഥാനത്തെ ക്രമസമാധാനനില തകർക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നതെന്നും ബിജെപി ആരോപിച്ചു.

വ്യാജവാർത്ത പ്രചാരണം യുട്യൂബറുടെ ഹർജി തള്ളി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

കുടിയേറ്റത്തൊഴിലാളികൾ തമിഴ്നാട്ടിൽ ആക്രമിക്കപ്പെട്ടെന്ന രീതിയിൽ വ്യാജവാർത്തകൾ പ്രചരിപ്പിച്ച യുട്യൂബർക്കെതിരെ ദേശീയസുരക്ഷാ നിയമപ്രകാരമെടുത്ത കേസ് റദ്ദാക്കണമെന്ന ഹർജി സുപ്രീംകോടതി തള്ളി. യുട്യൂബർ മനീഷ് കശ്യപിന്റെ ഹർജി ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് തള്ളിയത്. സംസ്ഥാനങ്ങളിലെ സമാധാനാന്തരീക്ഷം തകർക്കുന്ന നുണപ്രചാരണങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്ന് കോടതി നിരീക്ഷിച്ചു.

നിരീക്ഷണം ശക്തമാക്കി

അരിക്കൊമ്പൻ തമിഴ്നാടിന്റെ മേഘമല വനമേഖലയിൽ

കുമളി

അരിക്കൊമ്പൻ തമിഴ്നാടിന്റെ മേഘമല വനമേഖലയിൽ നിലയുറപ്പിച്ചതോടെ നിരീക്ഷണം ശക്തമാക്കാൻ തേനി കലക്ടർ ആർ വി ഷജീവന നിർദേശംനൽകി. 30ന് പുലർച്ചെ അഞ്ചിന് പെരിയാർ കടുവാസങ്കേതത്തിന് കീഴിലുള്ള മുല്ലക്കുടിയിൽ തുറന്നുവിട്ട അരിക്കൊമ്പൻ മെയ് ഒന്നിന് രാവിലെ ആറിന് തേനി ഉത്തമപാളയം ശ്രീവില്ലിപുത്തൂർ മേഘമല ടൈഗർ റിസർവിലെ ഗൂഡല്ലൂർ റേഞ്ചിൽ ഉൾപ്പെട്ട വനമേഖലയിൽ പ്രവേശിച്ചിരുന്നു. വനമേഖലയിൽനിന്ന് കാട്ടാന എത്തിയാൽ തുരത്തുന്നതിനും സുരക്ഷയുടെ ഭാഗമായും ജില്ലാ പൊലീസ് സൂപ്രണ്ടിന്റെ നിർദേശത്തെ തുടർന്ന് 20 പൊലീസുകാരെ വീതം തെൻ പഴനി ചെക്ക് പോസ്റ്റിന് സമീപം പത്താം വളവിലും മേഘമല ഹൈവേയ്സ് അണക്കെട്ട് പ്രദേശത്തും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

അരിക്കൊമ്പൻ മേഘമല വനമേഖലയിലെ പുൽമേട്ടിൽ

അരിക്കൊമ്പന്റെ സാന്നിധ്യം മൂലം രണ്ടുദിവസമായി മേഘമല വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള പ്രവേശന കവാടം അടച്ചിരിക്കുകയാണ്.

അരിക്കൊമ്പന്റെ നീക്കങ്ങൾ പെരിയാർ ടൈഗർ റിസർവ് (ഈസ്റ്റ്) ഡെപ്യൂട്ടി ഡയറക്ടർ നിരീക്ഷിക്കുന്നുണ്ട്. കൂടാതെ, ഒരു വിഎച്ച്എഫ് റിസീവർ തമിഴ്നാട് വനംവകുപ്പ് അധികൃതർക്ക് ലഭ്യമായിട്ടുണ്ട്. ഇതിൽ ലഭിക്കുന്ന സിഗ്നൽപ്രകാരം ആനയുടെ ലൊക്കേഷൻ കൃത്യമായി നിരീക്ഷിക്കാം. കൂടല്ലൂർ, കമ്പം (കിഴക്ക്), ചിന്നമന്നൂർ റേഞ്ച് ഓഫീസർമാരുടെ നേതൃത്വത്തിൽ മൂന്ന് സബ് കമ്മിറ്റികൾ രൂപീകരിച്ച് ആനയുടെ നീക്കം രാവും പകലും നിരീക്ഷിക്കുന്നുണ്ട്.

രാത്രികാലങ്ങളിൽ അനാവശ്യമായി ജനങ്ങൾ പുറത്തിറങ്ങരുതെന്നും ഇതുമായി ബന്ധപ്പെട്ട തേനി ജില്ലാ ഭരണവും വനംവകുപ്പും നടത്തുന്ന പ്രവർത്തനങ്ങളോട് സഹകരിക്കണമെന്നും കലക്ടർ ആർ വി ഷജീവന അഭ്യർഥിച്ചു.

പെറു സ്വർണഖനിയിലെ തീപിടിത്തം: 27 മരണം

ലിമ

തെക്കൻ പെറുവിലെ ഉൾപ്രദേശത്തെ സ്വർണഖനിയിലുണ്ടായ തീപിടുത്തത്തിൽ 27പേർ മരിച്ചതായി റിപ്പോർട്ട്. തെക്കേ അമേരിക്കൻ രാജ്യത്ത് അടുത്തിടെയുണ്ടായതിൽ വലിയ ഖനി അപകടമാണിത്.

ആളുകൾ 100 മീറ്ററോളം അടിയിലകപ്പെട്ടിരിക്കുകയാണ്. തീപിടുത്തത്തിനുകാരണം ഷോർട്ട് സർക്യൂട്ടാണെന്ന് പൊലീസും പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫീസും അറിയിച്ചു.

ഖനിക്കകത്ത് എത്രപേർ അകപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ലെന്നും എല്ലാവരും മരിച്ചിരിക്കാനാണ് സാധ്യതയെന്നും അധികൃതർ അറിയിച്ചു.

'കേരള സ്റ്റോറി' ബംഗാളിൽ വിലക്കി

ഗോപി

കൊൽക്കത്ത

ബംഗാളിൽ 'കേരള സ്റ്റോറി' സിനിമ പ്രദർശിപ്പിക്കുന്നത് നിരോധിച്ചു. മുഖ്യമന്ത്രി മമത ബാനർജിയാണ് നിരോധനം പ്രഖ്യാപിച്ചത്. മത വിദ്വേഷം ഒഴിവാക്കുന്നതിനും സംസ്ഥാനത്ത് സമാധാനം സംരക്ഷിക്കാനും വേണ്ടിയാണ് നടപടിയെന്ന് മമത പറഞ്ഞു. രാഷ്ട്രീയ നേട്ടത്തിനു വേണ്ടിയാണ് ബിജെപി ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതെന്നും അവർ പറഞ്ഞു.

കാട്ടുതീ: 30,000 പേരെ മാറ്റി

ഒട്ടാവ

കാട്ടുതീ നാശം വിതയ്ക്കുന്ന കാനഡയിലെ ആൽബർട്ടയിൽ 30,000 ആളുകളെ മാറ്റിപ്പാർപ്പിച്ചു. ആൽബർട്ടയിലെ ഗ്രാന്റേ പ്രേരി ജില്ലയിൽ ഞായർവരെ 109 തീപിടിത്തങ്ങളുണ്ടായി ഇതിൽ മുപ്പതെണ്ണം നിയന്ത്രണാതീതമാണ്.

നവീൻ പട്നായിക്- നിതീഷ് കുമാർ കൂടിക്കാഴ്ച ഇന്ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പ്രതിപക്ഷ ഐക്യനിരയിലേക്ക് ബിജു ജനതാദളിനെ ഉൾപ്പെടുത്താനുള്ള ശ്രമം സജീവം. ഒഡിഷ മുഖ്യമന്ത്രി നവീൻ പട്നായിക്കുമായി ജെഡിയു നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ ചൊവ്വാഴ്ച ഭുവനേശ്വരിൽ കൂടിക്കാഴ്ച നടത്തും.

സംസ്ഥാനത്ത് അധികാരം പിടിക്കാൻ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാനെ ഇറക്കിയുള്ള ബിജെപി നീക്കത്തിൽ അതൃപ്തനാണ് പട്നായിക്. മുമ്പ് നിർണായക നിയമനിർമാണങ്ങളിൽ കേന്ദ്രസർക്കാരിനെ ബിജെഡി പിന്തുണച്ചിരുന്നു. 20 പാർലമെന്റ് അംഗങ്ങളുള്ള ബിജെഡി വരവ് പ്രതിപക്ഷ നിരയെ കൂടുതൽ ശക്തമാക്കും.

വ്യാഴാഴ്ച മുംബൈയിൽ നിതീഷ് കുമാറും എൻസിപി അധ്യക്ഷൻ ശരദ് പവാറും കൂടിക്കാഴ്ച നടത്തുന്നുണ്ട്.